വേണ്ട നടപടികളാണ് സർക്കാർ എടുത്തുകൊണ്ടിരിക്കുന്നത്. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിനും പകരം നല്ലയിനം തെങ്ങിൻതൈകൾ വച്ചു പിടിപ്പിക്കുന്നതിനുമുള്ള സഹായവും നൽകിവരുന്നു. കൂടാതെ പമ്പു സെറ്റുകൾ സ്ഥാപിച്ച് ജലസേചനം നടത്തിയും ശാസ്ത്രീയമായി വളപ്രയോഗം നടത്തിയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും എടുത്തുവരികയാണ്.

(15) സാലി വധക്കേസ് പോലീസന്വേഷണത്തിൻമേലുള്ള കമ്മീഷൻ റിപ്പോർട്ട്

ശ്രീ. കാനം രാജേന്ദ്രൻ: സർ, കോട്ടയം ജില്ലയിൽപ്പെട്ട കാഞ്ഞിരംപാറ ഓലിക്കൽ സാലി വധക്കേസിനെ സംബന്ധിച്ചിടത്തോളം പോലീസ് അന്വേഷണത്തിന്റെ അപാകതകളും പരിശോധിക്കുന്നതിനുവേണ്ടി, ഒരു കമ്മീഷനെ നിയോഗിച്ചിരുന്നു. ആ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ട് ഒരുവർഷത്തിലധികമായി. ഈ സഭയിൽത്തന്നെ രണ്ട് സബ്മിഷനുകളിൽക്കൂടി, ഇതിനു മുൻപും ഞാൻ ആ വിഷയമുന്നയിച്ചിരുന്നു. ആ കമ്മീഷന്റെ റിപ്പോർട്ടിൽ പ്രാഥമികാന്വേഷണത്തിൽ പോലീസ് കുറ്റകരമായ അനാസ്ഥ കാണിച്ചിട്ടുണ്ടെന്ന്. എഴുതിയിട്ടുള്ളതായിട്ടാണ് മനസിലാക്കാൻ കഴിഞ്ഞത്. കുറ്റവാളികളെ രക്ഷിക്കുന്നതിനുവേണ്ടി, കഴിഞ്ഞ ഒന്നരവർഷക്കാലമായിട്ടും അതിൻമേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിന് അടിയന്തിരമായി ഗവൺമെന്റ് ഈ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ആ കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ചില തീരുമാനങ്ങൾ എടുക്കുന്നതിന് മുൻപായി നിയമപരമായ ഉപദേശംതേടി, ആദ്യത്തെ റിപ്പോർട്ട് കോടതിയിൽ കൊടുത്തതിനുശേഷം മാത്രമേ ഗവൺമെന്റ് തീരുമാനം പ്രഖ്യാപിക്കാൻ പാടുള്ളുവെന്ന് പറഞ്ഞുകൊണ്ടുള്ള താമസമാണ്. ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് കൊടുക്കാനും തീരുമാനം പ്രഖ്യാപിക്കണമെന്നുമാണ് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളത്.

(16) കോഴിക്കോട് ജില്ലയിൽ വില്ലേജ് ഹൗസിംഗ് പ്രോജക്ട് പ്രകാരം നൽകിയ ലോൺ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് സാവകാശം നൽകൽ

ശ്രീ. കെ. പി. രാമൻ: സർ, 1964-ൽ കോഴിക്കോടു ജില്ലയിലെ പല പഞ്ചായത്തുകളിലും ധാരാളംപേർക്ക് വില്ലേജ് ഹൗസിംഗ് പ്രോജക്ട് പ്രകാരം ലോൺ അനുവദിക്കുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലെ കുന്നമംഗലം, ചാത്തമംഗലം, മാവൂർ എന്നീ പഞ്ചായത്തുകളിലുള്ളവരാണ് ഈ ലോൺ വാങ്ങിയത്. 2,000, 3,000, 4,000 രൂപ വീതമാണ് ഓരോരുത്തർക്കും അനുവദിച്ചത്. കളക്ടർ അനുവദിച്ചഫണ്ട് ബ്ലോക്ക് മുഖേനയാണ് വിതരണം ചെയ്തത്. ഈ സ്കീം ലോക ബാങ്കിന്റെ (World Bank) സഹായത്തോടുകൂടിയായിരുന്നു. ഇതിന് ഈടാക്കുന്ന പലിശ പഞ്ചായത്തുകളുടെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കണമെന്നായിരുന്നു. ഉദ്ദേശിച്ചിരുന്നതെങ്കിലും അത് സാധിച്ചില്ല. എന്നാൽ പലർക്കും വാങ്ങിയസംഖ്യ തിരിച്ചടയ്ക്കാൻ ഇതുവരെ സാധിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly